**യത്കീർത്തനം യത്സ്മരണം യദീക്ഷണം**
**യദ്വന്ദനം യച്ഛ്രവണം യദർഹണം**
**ലോകസ്യ സദ്യോ വിധുനോതി കൽമഷം**
**തസ്മൈ സുഭദ്രശ്രവസേ നമോ നമ: (2-4-15)**
**ശ്രീയ: പതിർയജ്ഞപതി: പ്രജാപതിർ**
**ധിയാം പതിർല്ലോകപതിർദ്ധരാപതി:**
**പതിർഗ്ഗതിശ്ചാന്ധകവൃഷ്ണിസാത്വതാം**
**പ്രസീദതാം മേ ഭഗവാൻ സതാം പതി: (2-4-20)**

സൂതൻ പറഞ്ഞു:
ആത്മീയവിജ്ഞാനം തുളുമ്പുന്ന ശുകമുനിയുടെ വാക്കുകൾ കേട്ട് പരീക്ഷിത്തിൻെറ അജ്ഞത നീങ്ങിത്തുടങ്ങി. കൂടുതൽ ഭഗവൽകഥകൾക്കായി അദ്ദേഹം മുനിയോടഭ്യർത്ഥിച്ചു.

പരീക്ഷിത്ത് ശുകമുനിയോടു ചോദിച്ചു.
"അങ്ങയുടെ ഈ ചുരുങ്ങിയവാക്കുകൾകൊണ്ടുതന്നെ എന്നിലെ അജ്ഞതയുടെ മറ നീങ്ങിത്തുടങ്ങിയിരിക്കുന്നു. ഭഗവൽക്കഥകളും മഹാലീലകളും ഇനിയും പറഞ്ഞുതരുവാൻ ഞാൻ അങ്ങയോടപേക്ഷിക്കുന്നു. ആ നിന്തിരുവടി എങ്ങിനെയാണ് സൃഷ്ടിസ്ഥിതി സംഹാരങ്ങൾ നടത്തുന്നതെന്ന് പറഞ്ഞു തന്നാലും."

രാജാവിൻെറ അപേക്ഷ കേട്ടിട്ട് ഭഗവാനെ സ്മരിച്ചു നമസ്കരിച്ച് കഥാകഥനത്തിനുവേണ്ട അനുഗ്രഹാശിസ്സുകൾക്കായി ശുകമുനി ഇപ്രകാരം പ്രാർത്ഥിച്ചു: പൂർണ്ണമായ ഉദ്ദ്യേശ്യലക്ഷ്യങ്ങളോടെ യാണെങ്കിലും യാതൊരുവിധ ആവശ്യങ്ങളും ആയാസവും ഇല്ലാതെ ലീലാവിലാസങ്ങളായി ഈ ജഗത്തിനെ സൃഷ്ടിച്ചു കാത്തു രക്ഷിച്ചു സംഹരിച്ച് വിലസുന്ന ആ പരമാത്മസ്വരൂപനെ ഞാൻ നമസ്കരിക്കുന്നു. കാരണത്തിനും യുക്തിക്കുമതീതനും എല്ലാജീവികളുടേയും മനോനിയന്താവുമായ അവിടേയ്ക്കു നമസ്കാരം. ധാർമ്മിക ജീവിതം നയിക്കുന്നവരുടെ ദു:ഖം നശിപ്പിക്കുന്നവനും അധർമ്മതിന്മകളുടെ ഹന്താവും നിഷ്പക്ഷമതിയും മോക്ഷകാംക്ഷികൾക്ക് സാക്ഷാത്ക്കാരം കൊടുക്കുന്നവനുമായ നിന്തിരുവടിക്കു നമസ്കാരം. ഭക്തരുടെ ഉറ്റബന്ധുവും ഹൃദയത്തിൽ പ്രേമമില്ലാത്തവരിൽ നിന്നുമേറെ അകലത്തിലുള്ളവനുമായ അങ്ങേക്കു നമസ്കാരം. ആരുടെ അപദാനങ്ങൾ കേട്ടിട്ടാണോ, ആരേക്കുറിച്ച് ചിന്തിക്കുമ്പോഴാണോ, ആരെ ദർശിക്കുമ്പോഴാണോ, ആരെ വന്ദിക്കുമ്പോഴാണോ, മനുഷ്യർക്കവരുടെ പാപങ്ങളിൽനിന്നു മോചനം ലഭിക്കുന്നത്, ആ നിന്തുരുവടിയെ ഞാൻ നമിക്കുന്നു. ആയാസരഹിതമായി, വിജ്ഞാനസമ്പന്നനു മോക്ഷപ്രാപ്തിയേകുന്ന ആ ഭഗവാനെ ഞാൻ നമസ്കരിക്കുന്നു. സർവ്വൈശ്വര്യങ്ങളുടേയും നിറകുടവും ബുദ്ധിശക്തികളുടെ ഇരിപ്പിടവും സർവ്വപ്രാണികളുടേയും സ്വാമിയും വിശ്വത്തിൻെറ നാഥനും ഭൂമിയുടെ നിയന്താവുമായ അങ്ങെന്നിൽ അനുഗ്രഹം ചൊരിയട്ടെ. സർവ്വമാനവികതക്കും അന്ധനും അജ്ഞാനിക്കും കോപിഷ്ഠനും വിഷയാസക്തനും മാമുനിമാർക്കും കൃഷ്ണഭക്തൻമാർക്കും ദിവ്യന്മാർക്കുപ്രത്യേകിച്ചും അഭയം നൽകുന്നവന് എൻെറ നമോവാകം. അവിടുത്തെ പാദാരവിന്ദങ്ങളെ ധ്യാനിക്കുന്നവർക്ക് മോക്ഷം സാദ്ധ്യമത്രെ. അവരുടെ ഹൃദയം നിർമ്മലമാവുകയും സാക്ഷാത്ക്കാരമുണ്ടാവുകയും ചെയ്യും. ആ നിന്തുരുവടിതന്നെയാണ് എല്ലാ ജീവജാലങ്ങളിലും, സൃഷ്ടിക്കപ്പെട്ട എല്ലാറ്റിലും പഞ്ചഭൂതാംശങ്ങളായി പ്രവേശിച്ച് തൻെറ സാന്നിദ്ധ്യംകൊണ്ട് ജീവനേകുന്നത്. ആ പരമപുരുഷൻ എൻെറ കഥാകഥനത്തെ ജീവസ്സുറ്റതാക്കട്ടെ. എൻെറപിതാമഹനും ഗുരുവുമായ ശ്രീവ്യാസഭഗവാനെ ഞാൻ നമസ്കരിക്കുന്നു. "പരീക്ഷിത്തേ, ഈ കഥകൾ ആദ്യമായി ബ്രഹ്മാവ് നാരദമുനിയോടാണു പറഞ്ഞത്. ശ്രദ്ധയോടെ കേട്ടാലും."